15660/18

# വകുപ്പുതല കണക്കു പരിശോധനാ റിപ്പോർട്ട്
# കോഴിക്കോട് ബ്ലോക്ക് പട്ടികജാതി വികസന ആഫീസ്, കോഴിക്കോട് ജില്ല

| | | | |
|---|---|---|---|
| 1. | പരിശോധനാ തീയതി | : | 20.06.2017 മുതൽ 23.06.2017 വരെ |
| 2. | പരിശോധനാ കാലയളവ് | : | 01.09.2011 മുതൽ 31.03.2014 വരെ |
| 3. | പരിശോധനാ വിഭാഗം | : | ഫിനാൻസ് E ആഡിറ്റ് |
| 4. | പരിശോധനാ ടീമിൽ പങ്കെടുത്തവർ | : | |
| | സീനിയർ സൂപ്രണ്ട് | : | ശ്രീ.കെ ദയാനന്ദ |
| | ക്ലാർക്ക് (ഹയർ ഗ്രേഡ്) | : | ശ്രീ.കെ.കെ. ശ്രീരാജ് |

## പരിശോധനാ കാലയളവിലെ ആഫീസ് മേധാവി
## പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്. II

| | | | |
|---|---|---|---|
| 1. | ശ്രീമതി. നഫീസക്കുട്ടി | : | 01.04.2010 മുതൽ 16.08.2011 വരെ |
| 2. | ശ്രീമതി.ടി.കെ. അനിത | : | 16.08.2011 മുതൽ 20.11.2016 വരെ |
| 3. | ശ്രീ.കെ.എം.ദിലീപ് | : | 21.11.2016 മുതൽ തുടരുന്നു. |

# ആഡിറ്റിലെ തടസ്സവാദങ്ങൾ

**വകുപ്പ്തല കണക്കു പരിശോധന**

01.04.2006 മുതൽ 31.08.2011 വരെയുള്ള കാലയളവിലെ കണക്കുകൾ പട്ടികജാതി വികസന വകുപ്പു ഡയറക്ടറേറ്റിലെ ഫിൻ.ഡി വിഭാഗം പരിശോധന നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ട്.പട്ടികജാതി വികസന ഡയറക്ടറുടെ 26.05.2017 ലെ ഫിൻ.ബി2 17365/13 നമ്പർ കത്തു പ്രകാരം ചുവടെ പറയുന്ന ഖണ്ഡികകൾക്കു കൂടി മറുപടി നൽകാനുള്ളതായി കാണുന്നു.

**വിവിധ പദ്ധതികൾ**

ഖണ്ഡിക (f),(g)

മേൽപ്പറയുന്ന 2 ഖണ്ഡികകൾ അടുത്ത ആഡിറ്റിന് വിധേയമായി അംഗീകരിക്കുന്നു. എന്ന് 26.05.2017 ലെ ഫിൻ ബ2 17365/13 നമ്പർ കത്തിൽ പറയുന്നുണ്ട്.

ഖണ്ഡിക പരിശോധിച്ചതിൽ ഖണ്ഡിക (F) പ്രകാരം2007-08 ലെ ഭവന നിർമ്മാണ ധനസഹായം ശ്രീ. അശോകൻ എന്ന ഗുണഭോക്താവിൽ നിന്ന് ധനസഹായ തുക തിരികെ വാങ്ങി സർക്കാരിലേയ്ക്ക് തിരിച്ചടച്ച് റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

ഖണ്ഡിക (g) പ്രകാരം 2007-08 മുതൽ 2012-13 വരെയുള്ള പൂർത്തീകരിക്കാത്ത വീടുകളുടെ പണി (19 എണ്ണം) പൂർത്തിയാക്കാനുള്ള നടപടി സ്വീകരിയ്ക്കണമെന്നാണ് നിർദ്ദേശം നൽകിയിരുന്നത്. എന്നാൽ പരിശോധനയിൽ 19 വീടുകളുടേയും പൂർത്തീകരിച്ചിട്ടില്ലെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്.

മേൽ സാഹചര്യം കണക്കിലെടുത്ത് 26.05.17 ലെ ഫിൻ ബി 2-17365/13 നമ്പർ കത്തിലെ അടുത്ത ആഡിറ്റിന് വിധേയമായി അംഗീകരിക്കുന്നു എന്ന തീരുമാനത്തിൽ പ്രസക്തിയില്ലാതായിട്ടുണ്ടെന്ന് അഭിപ്രായപ്പെടുന്നു. ഇതുപോലുള്ള ആഡിറ്റ് പരാമർശങ്ങൾക്ക് തീർപ്പ് കൽപിക്കുമ്പോൾ ഈ രീതിയിൽ മറുപടി നൽകുന്നത്കൊണ്ട് നിർദ്ദേശിച്ച ഓഡിറ്റ് പോലും പൂർത്തിയാക്കാൻ പറ്റാത്ത അവസ്ഥയാണെന്ന് അഭിപ്രായപ്പെടുന്നു.

**അക്കൗണ്ടന്റ് ജനറലിന്റെ പരിശോധന**

01.12.2012 മുതൽ 31.12.2014 വരെയുള്ള കാലയളവിലെ കണക്കുകൾ അക്കൗണ്ട് ജനറൽ ആഡിറ്റ് നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ട് താഴെപ്പറയുന്ന ഖണ്ഡികകൾ തീർപ്പാക്കാനുള്ളതായി കാണുന്നു. പാർട്ട് II ൽ ഖണ്ഡിക I,II,III ഈ ഖണ്ഡികകൾക്കുള്ള മറുപടി 01.05.15, 09.09.15 തീയതികളിലായി 221/15 നമ്പർ കത്തുകൾ പ്രകാരം അക്കൗണ്ടന്റ് ജനറലിന് നേരിട്ട് മറുപടി നൽകിയതായി കാണുന്നു. 13.08.2015 ലെ OA (HQ) IV/II/12-294/2014-15/277 നമ്പർ കത്ത് പ്രകാരം ജില്ലാ പട്ടികജാതി വികസന ആഫീസർ മുഖേന മറുപടി നൽകണമെന്ന് അക്കൗണ്ടന്റ് ജനറൽ നിർദ്ദേശം നൽകിയതായി ഫയൽ പരിശോധിച്ചതിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞു.

**ക്യാഷ്ബുക്കും, അനുബന്ധ രേഖകളും**

**ക്യാഷ് ബുക്കും, ബിൽബുക്കും**

പരിശോധനാ ദിവസമായ 20.06.2017 ൽ നിലവിലെ ക്യാഷ്ബുക്ക് പരിശോധിച്ചതിൽ നീക്കിയിരിപ്പ് ഇല്ലെന്ന് ബോദ്ധ്യപ്പെട്ടു.

പരിശോധനാ കാലയളവിലെ വർഷാവസാന നീക്കിയിരിപ്പുകൾ ചുവടെ ചേർക്കുന്നു.

a. 31.03.2012 - 62,63,219/- രൂപ

b. 31.03.2013 - 8,31,963/-രൂപ

c. 31.03.2013 - 25,91,263/-രൂപ

ഇത്രയും ഭീമമായ തുക നീക്കിയിരിപ്പ് ഉണ്ടാക്കാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്. ഈ തുക എപ്രകാരം ചെലവഴിച്ചു.

ജില്ലാ പട്ടികജാതി വികസന ആഫീസറിൽ നിന്ന് വിവിധ തീയതികളിൽ ലഭിച്ച ട്രഷറി അക്കൗണ്ട് ചെക്കുകൾ പട്ടികജാതി വികസന ഓഫീസർ, കൈപ്പറ്റിയതായി ക്യാഷ്ബുക്കിൽ വരവ് വെച്ചിട്ടുണ്ട്. എന്നാൽ ഈ ചെക്കുകൾ ലഭിച്ചതായി CRDR ലോ Valuable രജിസ്റ്ററിലോ ചേർത്ത് കാണുന്നില്ല.

| ക്രമ നം | ചെക്ക് നമ്പർ | C/B യിൽ ചേർത്ത തീയതി | തുക |
|---|---|---|---|
| 1 | Try ch:No:139 | 09.11.2011 | 19,000.00 |
| 2 | Ch:No:1338707dt.23.11.11 | 06.12.2011 | 26,500.00 |
| 3 | Ch:No:133976 dt.23.11.11 | 04.02.2012 | 55,000.00 |

ബിൽ നമ്പർ CB/PEB/30/11-12 പ്രകാരം 23.02.2011 ൽ ട്രഷറി ബിൽ ബുക്കു പ്രകാരം 28130/- രൂപ മാറിയതായി കാണുന്നു. എന്നാൽ ക്യാഷ്ബുക്കിൽ വരവ് വെച്ചിരിക്കുന്നത്. 26976/- രൂപയാണ്. 1154/- രൂപയുടെ കുറവ് കാണുന്നു. വിശദീകരണം നൽകേണ്ടതാണ്.

ക്യാഷ്ബുക്കിൽ മാസാന്ത്യ നീക്കിയിരിപ്പ് തുക എഴുതി ചേർത്ത് Physically Verification Certificate എഴുതി ഒപ്പിട്ട് തസ്തിക സീൽ പതിപ്പിക്കേണ്ടതാണ്. എന്നാൽ ചില മാസങ്ങളിൽ നിശ്ചിത രീതിയിൽ മാസാന്ത്യ നീക്കിയിരുപ്പു എഴുതി സാക്ഷ്യപ്പെടുത്തി കാണുന്നില്ല. ഇത് ശരിയായ നടപടി അല്ല.
ഉദാ:31.01.2011, 29.02.2011

ക്യാഷ്ബുക്ക് എഴുതിയതിൽ വന്നിട്ടുള്ള തിരുത്തലുകൾ പട്ടികജാതി വികസന ആഫീസർ പരിശോധിച്ച് തിരുത്തിയ തുകയ്ക്ക് Initial (ചുരുക്കൊപ്പ്) ചെയ്യേണ്ടതാണ്.ക്യഷ്ബുക്ക് എഴുതുമ്പോൾ തിരുത്തലുകൾ ഉണ്ടാക്കാൻ പാടില്ലാത്തതും തിരുത്തലുകൾ Initial ചെയ്യേണ്ടതുമാണ്.
ഉദാ: 30.01.2012

01.09.2011 ന് ശേഷമുള്ള ക്യാഷ്ബുക്കിൽ ദിവസേനയുള്ള ക്യാഷ് ബാലൻസ് പട്ടികജാതി വികസന ആഫീസർ പരിശോധിച്ച് പൂർണ്ണമായ ഒപ്പും, തസ്തിക സീലും വെച്ച് കാണുന്നില്ല. പകരം Initial മാത്രമാണ് വെച്ചിട്ടുള്ളത്.

**അക്വിറ്റൻസ് (ജീവനക്കാര്യം)**

. ബിൽ നമ്പർ **PEB/21/11-12** പ്രകാരം 12.10.2011 മാറിയ 36453/- രൂപ. അക്വിറ്റൻസ് പ്രകാരം 12.10.2011 ന് വിതരണം ചെയ്ത തുക വെട്ടി എഴുതുകയും, വൈറ്റ്നർ ഉപയോഗിച്ച് തിരുത്തിയതായും കാണുന്നു. ബിൽ നമ്പർ **CB/25/11-12** പ്രകാരം 09.11.11 ലും ബിൽ നമ്പർ **CB/15/12-13** പ്രകാരം 27.08.12 ലും ഈ രീതിയിൽ വെട്ടിതിരുത്തലുകൾ കാണുന്നു. എന്നാൽ വെട്ടി തിരുത്തി എഴുതിയ തുക തെറ്റായ നടപടിയാണ്. തിരുത്തിയ തുകയ്ക്ക് തുക കൈപ്പറ്റുന്ന ജീവനക്കാരിൽ നിന്ന് ഒപ്പ് വാങ്ങി വെയ്ക്കേണ്ടത് അത്യാവശ്യമാണ്. വിശദീകരണം നൽകേണ്ടതാണ്.

ബിൽ നം. **PEB/5/12-13** പ്രകാരം 11.05.2012 ൽ മാറിയ 10286/- രൂപ ശ്രീ.വിജീഷ് എന്ന വാച്ച്മാന് 14.05.12 തീയതിയിൽ വിതരണം ചെയ്തിരിക്കുന്നു. എന്നാൽ തുക കൈപ്പറ്റിയിരിക്കുന്നത് റവന്യൂ സ്റ്റാമ്പ് ഇല്ലാതെയാണ്. സർക്കാർ നിയമമനുസരിച്ച് 500/- രൂപയ്ക്ക് മുകളിൽ തുക പണമായോ ,ചെക്ക്/ഡി.ഡി യായോ കൈപ്പറ്റുന്ന ആളെക്കൊണ്ട് ഒരു രൂപയുടെ റവന്യൂ സ്റ്റാമ്പ് പതിപ്പിച്ച് അതിന്മേൽ വേണം ഒപ്പ് രേഖപ്പെടുത്തുവാൻ , നിലവിലെ ചട്ടം പാലിക്കാതെ സർക്കാർ പണം വിതരണം ചെയ്തതിൽ വീഴ്ച പറ്റിയതായി കാണുന്നു. വിശദീകരണം നൽകേണ്ടതാണ്.

**അക്വിറ്റൻസ് (എസ്.സി. പ്രൊമോട്ടർമാർ)**

കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്.

**വിദ്യാഭ്യാസ പരിപാടികൾ**

ലംപ്സംഗ്രാന്റ്

01.04.2011 മുതൽ 31.03.2014 വരെ ലംപ്സംഗ്രാന്റ് വിതരണം ചെയ്തതിന്റെ പുരോഗതി റിപ്പോർട്ട് ചുവടെ ചേർക്കുന്നു. (പട്ടികജാതി വിദ്യാർത്ഥികൾ)

| Sl.No | Year | No.of Schools | No.of Students | Sanctioned Amount | Expenditure | Surrender |
|---|---|---|---|---|---|---|
| 1 | 2011-12 | 56 | 2362 | 6,00,000 | 591342 | 8658 |
| 2 | 2012-13 | 56 | 2227 | 13,07,000 | 1185350 | 121650 |
| 3 | 2013-14 | 56 | 1973 | 11,75,000 | 1169750 | 5250 |

01.04.2011 മുതൽ 31.03.2014 വരെ ഒ.ഇ.സി വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ് വിതരണം ചെയ്തതിന്റെ പുരോഗതി റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

| Sl. No | Year | No.of Schools | No.of Students | Sanctioned Amount | Expenditure | Surrender |
|---|---|---|---|---|---|---|
| 1 | 2011-12 | 79 | 432 | 119243 | 110990 | 8253 |
| 2 | 2012-13 | 55 | 81 | 97500 | 95750 | 1750 |
| 3 | 2013-14 | 56 | 178 | 96000 | 92000 | 4000 |

**ലംപ്സംഗ്രാന്റ് സ്റ്റൈപന്റ് ആഡിറ്റ് രജിസ്റ്റർ**

ആഡിറ്റ് കാലയളവിലെ രജിസ്റ്ററുകൾ പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തി കാണുന്നില്ല. പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**ലംപ്സംഗ്രാന്റ്/സ്റ്റൈപന്റ്, സ്കൂൾ മേധാവികൾക്കു വിതരണം ചെയ്ത രജിസ്റ്റർ**

കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുള്ളതായി കാണുന്നു.

**ശ്രീ അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർ ഷിപ്പ്**

2011-12 വർഷം മുതൽ 2013-14 വരെ ശ്രീ. അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് പ്രകാരം തുക വിതരണം ചെയ്തതിന്റെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| Sl.No | Year | No.of Students | Sanctioned Amount | Expenditure | Surrender |
|---|---|---|---|---|---|
| 1 | 2011-12 | 4 | 18,000 | 18,000 | Nil |
| 2 | 2012-13 | 13 | 33,600 | 33,600 | Nil |
| 3 | 2013-14 | 4 | 18,000 | 18,000 | Nil |

**ശ്രീ അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് വിതരണ അക്വിറ്റൻസ്**

അക്വിറ്റൻസ് കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്.

**പ്രത്യേക പ്രോത്സാഹന സമ്മാനം**

1. അക്വിറ്റൻസ് കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്.
2. 2011-12 വർഷം ആനുകൂല്യം നൽകിയതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
3. 2012-13 വർഷം മുതൽ 2013-14 വരെ ആനുകൂല്യം നൽകിയതിന്റെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| Sl.No | Year | No.of Students | Sanctioned Amount | Expenditure | Surrender |
|---|---|---|---|---|---|
| 1 | 2012-13 | 91 | 111250 | 111250 | Nil |
| 2 | 2013-14 | 87 | 116000 | 116000 | Nil |

**അൺ എയ്ഡഡ് സ്കൂൾ:ട്യൂഷൻ ഫീസ് റീ ഇംബേഴ്സ്മെന്റ്**

ആഡിറ്റ് കാലയളവിൽ അൺ എയ്ഡഡ് സ്കൂളുകൾക്ക് ട്യൂഷൻ ഫീസ് റീ ഇംബേഴ്സ്മെന്റ് നൽകിയതായി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

**പാരലൽ കോളേജ് പഠനത്തിനുള്ള ധനസഹായം**

01.04.2011 മുതൽ 31.03.2014 വരെ പാരലൽ കോളേജിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായി ഗ്രാന്റ് നൽകിയതിന്റെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| Sl.No | Year | No.of Students | Sanctioned Amount | Expenditure | Surrender |
|---|---|---|---|---|---|
| 1 | 2011-12 | 84 | 409602 | 409602 | Nil |
| 2 | 2012-13 | 99 | C-Bill cashed in | 2013-14 | |
| 3 | 2013-14 | 158 | 966091 | 912861 | 53230 |

01.04.2011 മുതൽ 31.03.2014 വരെ പാരലൽ കോളേജിൽ പഠിക്കുന്ന മറ്റർഹ വിദ്യാർത്ഥികൾക്കായി ഗ്രാന്റ് നൽകിയതിന്റെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| Sl.No | Year | No.of Students | Sanctioned Amount | Expenditure | Surrender |
|---|---|---|---|---|---|
| 1 | 2011-12 | 21 | 105432 | 105432 | Nil |
| 2 | 2012-13 | 21 | 132473 | 132473 | Nil |
| 3 | 2013-14 | 13 | 78278 | 76968 | 1310 |

**പാരലൽ കോളേജ് ആനുകൂല്യ വിതരണ അക്വിറ്റൻസ്**

ബിൽ നമ്പർ CB/11/Parellell/SC/13-14 പ്രകാരം 30.07.13 ന് മാറിയ തുക വിതരണം നടത്തി ബാക്കി വന്ന 6255/- രൂപ 257-ാം നമ്പർ ചെലാൻ പ്രകാരം 24.08.2013 ന് തിരിച്ചടച്ചതായി ക്യാഷ്ബുക്കിലും, അക്വിറ്റൻസിലും രേഖപ്പെടുത്തി കാണുന്നു. എന്നാൽ ചെലാൻ പരിശോധിച്ചതിൽ ടി തുക 27.08.13 തീയതിയിലാണ് തിരിച്ചടച്ചിട്ടുള്ളതെന്ന് കാണുന്നു. ക്യാഷ്ബുക്കിൽ ടി തുക ചെലവ് കാണിച്ച് 4 ദിവസങ്ങൾക്ക് ശേഷമാണ് ചെലാൻ അടച്ചിട്ടുള്ളത്. ടി തുക 4 ദിവസം സ്വന്തം കൈയ്യിൽ സൂക്ഷിച്ചതിന് ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ആഫീസർ വിശദീകരണം നൽകേണ്ടതാണ്.

43-ാം നമ്പർ ചെലാൻ പ്രകാരം 01.10.2013 ന് 4787/- രൂപ ട്രഷറിയിൽ തിരിച്ചടച്ചതായി ക്യാഷ്ബുക്കിലും, അക്വിറ്റൻസിലും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ചെലാൻ പരിശോധിച്ചതിൽ ടി തുക 03.10.2013 ൽ തിരിച്ചടച്ചതായും കാണുന്നു. മേൽ ഖണ്ഡികയിലെ പരാമർശം പോലെ തന്നെ ഇവിടെയും 2 ദിവസത്തെ കാലതാമസം വന്നിട്ടുണ്ട്. വിശദീകരണം നൽകേണ്ടതാണ്.

| |
|---|
| . ബിൽ നമ്പർ CB/11/ 13-14 പ്രകാരം മാറിയ തുക വിതരണം ചെയ്ത ശേഷം ബാക്കി വന്ന 6347/- രൂപ 24.10.13 ൽ തിരിച്ചടച്ചതായി ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അക്വിറ്റൻസ് പ്രകാരം ടി തുക 29.10.2013 ൽ തിരിച്ചടച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ചെലാൻ പരിശോധിച്ചതിൽ ടി തുക 28.10.2013 ൽ ട്രഷറിയിൽ തിരിച്ചടച്ചതായി കാണുന്നു. ഇവിടെയും ക്യാഷ്ബുക്കിൽ ചെലവ് കാണിച്ച ശേഷം തുക തിരിച്ചടയ്ക്കാൻ 4 ദിവസത്തെ കാലതാമസം വന്നിട്ടുണ്ട്. ഈ രീതിയിൽ സർക്കാർ പണം കൈവശം വെക്കാൻ പാടുള്ളതല്ല. വിശദീകരിക്കേണ്ടതാണ്. |
| <u>അക്വിറ്റൻസ് ഒ.ബി.സി. ഗ്രാന്റ് 2011-12</u><br>S.P.B.H.S രാമനാട്ടുകര, 96 വിദ്യാർത്ഥികൾക്ക് 1000/- രൂപ നിരക്കിൽ 96,000/- രൂപ നൽകിയതായി കാണുന്നു. എന്നാൽ ഒർജ്ജിനൽ അക്വിറ്റൻസ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്. |
| മണ്ണൂർ കൃഷ്ണ AUPS 205 വിദ്യാർത്ഥികൾക്കായി 900/- രൂപ നിരക്കിൽ 184500/- രൂപ സ്കൂളിന് നൽകിയതായി കാണുന്നു. എന്നാൽ 1,83,600/- രൂപയുടെ അക്വിറ്റൻസേ സ്കൂളിൽ നിന്നും നൽകിയതായി കാണുന്നുള്ളു. 900/- രൂപയുടെ കുറവ് കാണുന്നു. അക്വിറ്റൻസിൽ ക്രമ നമ്പർ 188, ശ്രേയ. T. യ്ക്ക് 900/- രൂപ നൽകിയതായി കാണുന്നില്ല. ഈ തുക തിരിച്ചടച്ചോ? തിരിച്ചടച്ചെങ്കിൽ ചെലാൻ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്. കൂടാതെ ഒർജിനൽ അക്വിറ്റൻസിന് പകരം ഫോട്ടോകോപ്പിയാണ് വാങ്ങി സൂക്ഷിച്ചതെന്ന് കാണുന്നു. ഇത് ശരിയായ നടപടി അല്ല. വിശദീകരണം നൽകേണ്ടതാണ്. |
| U.H.H.S.S ചാലിയം -202 വിദ്യാർത്ഥികൾക്കായി 1,94,600/- രൂപ നൽകിയതായി കാണുന്നു. എന്നാൽ അക്വിറ്റൻസ് പരിശോധിച്ചതിൽ 54,400/- രൂപ വിതരണം നടത്തിയതായിട്ടേ കാണുന്നുള്ളൂ.ബാക്കി വന്ന 1,40,200/- രൂപയുടെ യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഒർജിനൽ അക്വിറ്റൻസിന് പകരം ഫോട്ടോകോപ്പിയാണ് വാങ്ങി സൂക്ഷിച്ചതെന്ന് കാണുന്നു. ഇത് ശരിയായ നടപടിയല്ല. വിശദീകരണം നൽകേണ്ടതാണ്. |
| ഇരിങ്ങല്ലൂർ G.H.S.S-392 വിദ്യാർത്ഥികൾക്കായി 3,73,600/- രൂപ നൽകിയതായി കാണുന്നു. അക്വിറ്റൻസ് പരിശോധിച്ചതിൽ2,71,600/- രൂപ വിതരണം നടത്തിയതായിട്ടാണ് കാണുന്നത്. അക്വിറ്റൻസിൽ Not Paid എന്ന് എഴുതിയിട്ട് വീണ്ടും പലതും Paid എന്ന് എഴുതിയതായി കാണുന്നു. ഒരു വ്യക്തത ഇല്ലാത്ത തരത്തിലാണ് അക്വിറ്റൻസ് നൽകിയിരിക്കുന്നത്.ബാക്കി വന്ന തുകയുടെ യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഒർജിനൽ അക്വിറ്റൻസിന് പകരം ഫോട്ടോകോപ്പിയാണ് വാങ്ങി സൂക്ഷിച്ചതെന്ന് കാണുന്നു. വിശദീകരണം നൽകേണ്ടതാണ്. |
| B.E.M.u.p. School, Feroke-94 വിദ്യാർത്ഥികൾക്കായി 84,600/- രൂപ നൽകിയതായി കാണുന്നു. അക്വിറ്റൻസ് പരിശോധിച്ചതിൽ വിദ്യാർത്ഥികൾക്ക് അക്വിറ്റൻസിൽ തുക എഴുതി വിതരണം ചെയ്തതായി കാണുന്നില്ല |

ഉദാ:

a. അക്വിറ്റൻസ് ക്രമ നമ്പർ - 3 മുതൽ 13 വരെ (VI ക്ലാസ്സ്)
b. അക്വിറ്റൻസ് ക്രമ നമ്പർ - 15 മുതൽ 28 വരെ (VI ക്ലാസ്സ്)
c. അക്വിറ്റൻസ് ക്രമ നമ്പർ - 30 മുതൽ 41 വരെ (VI ക്ലാസ്സ്)
d. അക്വിറ്റൻസ് ക്രമ നമ്പർ - 43 മുതൽ 53 വരെ (VI ക്ലാസ്സ്)
e. അക്വിറ്റൻസ് ക്രമ നമ്പർ - 5 മുതൽ 22 വരെ (VII ക്ലാസ്സ്)
f. അക്വിറ്റൻസ് ക്രമ നമ്പർ - 24 മുതൽ 38 വരെ (VII ക്ലാസ്സ്)
g. അക്വിറ്റൻസ് ക്രമ നമ്പർ - 40 മുതൽ 41 വരെ (VII ക്ലാസ്സ്)

യഥാർത്ഥത്തിൽ വിദ്യാർത്ഥികൾക്ക് ടി തുക ലഭിച്ചിട്ടുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അക്വിറ്റൻസ് പരിശോധിക്കാതെ ആണ് പട്ടികജാതി വികസന ആഫീസർ വാങ്ങിയതെന്ന് കാണുന്നു. വിശദീകരണം നൽകേണ്ടതാണ്.

ഗണപത്, AUPS കരിങ്കല്ലയ്-155 വിദ്യാർത്ഥികൾക്കായി 1,39,500/- രൂപ നൽകിയതായി കാണുന്നു. എന്നാൽ അക്വിറ്റൻസ് പ്രകാരം 1,28,700/- രൂപ വിനിയോഗിച്ചതായി ബാക്കി വന്ന 10,800/- രൂപയുടെ യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

GAUPBS രാമനാട്ടുകര-126 വിദ്യാർത്ഥികൾക്കായി 1,13,400/- രൂപ നൽകിയതായി കാണുന്നു. ടി തുക പൂർണ്ണമായിട്ടും ചെലവഴിച്ചതായിട്ടാണ് കാണുന്നത്. എന്നാൽ ഒർജിനൽ അക്വിറ്റൻസ് അല്ല വാങ്ങി സൂക്ഷിച്ചിരിക്കുന്നത്. വിശദീകരണം നൽകേണ്ടതാണ്.

മണ്ണൂർ നോർത്ത് U.P.S-264 വിദ്യാർത്ഥികൾക്കായി 2,37,600/- രൂപ നൽകിയതായി കാണുന്നു. ടി തുക പൂർണ്ണമായും ചെലവഴിച്ചതായിട്ടാണ് കാണുന്നത്. എന്നാൽ ഒർജിനൽ അക്വിറ്റൻസ് അല്ല വാങ്ങി സൂക്ഷിച്ചിരിക്കുന്നത്. വിശദീകരണം നൽകേണ്ടതാണ്.

Govt. U.P.S രാമനാട്ടുകര-162 വിദ്യാർത്ഥികൾ 1,50,300/- രൂപ നൽകിയതായി കാണുന്നു. അക്വിറ്റൻസിൽ തുക കൂട്ടി എഴുതിയിട്ടില്ല H.M ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.

Govt. G.V.H.S.S, Feroke-140 വിദ്യാർത്ഥികൾക്കായി 1,91,000/- രൂപ നൽകിയതായി കാണുന്നു. 140 വിദ്യാർത്ഥികൾക്കായി അക്വിറ്റൻസ് പ്രകാരം 1,26,000/- രൂപ വിതരണം നടത്തിയതായി കാണുന്നു. ബാക്കി വന്ന 65,000/- രൂപയുടെ യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഒർജിനൽ അക്വിറ്റൻസ് അല്ല വാങ്ങി സൂക്ഷിച്ചിരിക്കുന്നത്. വിശദീകരണം നൽകേണ്ടതാണ്.

**സൈക്കിൾ അക്വിറ്റൻസ്**

2011-12 സാമ്പത്തിക വർഷത്തിൽ സൈക്കിൾ ഗ്രാന്റ് ഇനത്തിൽ 8 സ്കൂളുകളിൽ പഠിക്കുന്ന 244 വിദ്യാർത്ഥികൾക്കായി 7,32,000/- രൂപ ചെലവഴിച്ചതായി കാണുന്നു. അക്വിറ്റൻസ് കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്.

**പ്രീ മെട്രിക് ഹോസ്റ്റൽ ഇരിങ്ങല്ലൂർ**

ഇരിങ്ങല്ലൂർ പ്രീ മെട്രിക് ഹോസ്റ്റലിന്റെ പ്രവർത്തനങ്ങൾക്കായി 2011-12 സാമ്പത്തിക വർഷം മുതൽ 2014-15 വർഷം വരെ ചെലവഴിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വർഷം | B-fund അനുവദിച്ചത് | B-fund ചെലവഴിച്ചത് | B-fund സറണ്ടർ | A-fund അനുവദിച്ചത് | A-fund ചെലവഴിച്ചത് | A-fund സറണ്ടർ |
|---|---|---|---|---|---|---|---|
| 1 | 2011-12 | 515153 | 437606 | 77547 | 500914 | 500914 | NIL |
| 2 | 2012-13 | 445545 | 444059 | 1486 | 166583 | 166583 | NIL |
| 3 | 2013-14 | 506474 | 317759 | 188715 | 259670 | 259670 | NIL |
| 4 | 2014-15 | 576000 | 315792 | 260208 | 527420 | 527420 | NIL |

2011-12 അദ്ധ്യയന വർഷം മുതൽ 2014-15 അദ്ധ്യയന വർഷം വരെ ഹോസ്റ്റലിന് 100% വിജയം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

**സാമൂഹ്യ ക്ഷേമ പരിപാടികൾ**
**വിവാഹ ധനസഹായം**

2011-12 സാമ്പത്തിക വർഷം മുതൽ 2013-14 വരെ വിവാഹ ധന സഹായം ഇനത്തിൽ ചെലവഴിച്ചതിന്റെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | ആകെ ഗുണഭോക്താക്കൾ | അനുവദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ തുക |
|---|---|---|---|---|---|
| 1 | 2011-12 | 29 | 58,0000 | 5,60,000 | 2000 |
| 2 | 2012-13 | 9 | 4,20,000 | 4,20,000 | NIL |
| 3 | 2013-14 | 66 | 33,00,000 | 33,00,000 | NIL |

വർഷം തിരിച്ച് വിനിയോഗ സാക്ഷ്യപത്രം അക്കൗണ്ടന്റ് ജനറലിന് അയച്ച് കൊടുക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**മിശ്ര വിവാഹിതർക്ക് ധനസഹായം . അക്വിറ്റൻസ് & രജിസ്റ്റർ**

താഴെപ്പറയുന്നവരുടെ അപേക്ഷകളും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ജ്യോതി ജോസഫ്-പ്രകാശ്കുമാർ-03.09.2011 ന് 20,000/- രൂപ നൽകിയതായി കാണുന്നു.
ഉണ്ണി.കെ-സുലോചന-09.11.2011 ന് 50,000/- രൂപ നൽകിയതായി കാണുന്നു.
ബൈജു.എം.എ-പ്രീതി.ഒ.കെ-21.12.2011 ന് 20,000/- രൂപ നൽകിയതായി കാണുന്നു.
കെ.ടി. ചന്ദ്രൻ-രമ്യ.എം-21.12.2011 ന് 20,000/- രൂപ നൽകിയതായി കാണുന്നു.

| |
|---|
| ജയ്ഷോർ.ഇ-നീതു-28.01.2012 ന് 50,000/- രൂപ നൽകിയതായി കാണുന്നു.<br><br>ടെയിലറിംഗ് യൂണിറ്റ് തുടങ്ങുന്നതിനാണ് സ്വയം തൊഴിൽ രേഖപ്പെടുത്തിയിരുന്നതെങ്കിലും Project Report വാങ്ങിയിട്ടില്ല. തുണി വാങ്ങിയതിന്റെ Receipt മാത്രമാണ് വാങ്ങിയിട്ടുള്ളത്. ഇവരുടെ Date of Marriage 15.07.2008 ആണ്.അപേക്ഷ നൽകിയത് മൂന്ന് വർഷത്തിന് ശേഷമാണെന്ന് കാണുന്നു. എന്നാൽ ഇത് സംബന്ധിച്ച് പ്രത്യേക ഉത്തരവ് ഒന്നും തന്നെ പരിശോധനയ്ക്ക് നൽകിയിട്ടില്ല. 2011 വർഷം ആനുകൂല്യം ലഭിച്ച ടി ഗുണഭോക്താക്കളുടെ ഒർജിനൽ വിവാഹ സർട്ടിഫിക്കറ്റ് ഇത്രയും നാളായിട്ട് തിരികെ നൽകിയതായി കാണുന്നില്ല. അപേക്ഷയിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. കാലതാമസം വന്ന അപേക്ഷ [illegible] പട്ടികജാതി വികസന ആഫീസർ പ്രത്യേകം ശുപാർശ ചെയ്തിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്. |
| റിനീഷ്.വി.- ശ്രീമതി.ലിബിഷ എന്ന മിശ്ര വിവാഹ ദമ്പതിമാർക്ക് 21.02.2012 ന് 50,000/- രൂപ നൽകിയതായി കാണുന്നു. എന്നാൽ അപേക്ഷയും, അനുബന്ധ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല |
| വിഷ്ണു ദാസൻ.പി.കെ- റഫീന.കെ.വി. എന്ന ദമ്പതിമാർക്ക് 19.06.2012 ന് 50,000/- രൂപ നൽകിയതായി കാണുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലേയോ, സബ് രജിസ്റ്റാർ ആഫീസിൽ നിന്നോ ലഭിയ്ക്കുന്ന വിവാഹ സർട്ടിഫിക്കറ്റിന് പകരം ആര്യസമാജ മന്ദിർ (വേദിക് ചർച്ച്) സർട്ടിഫിക്കറ്റാണ് ഹാജരാക്കിയിരിക്കുന്നത്. കൂടാതെ റഫീനയുടെ പേരിൽ വരുമാന സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടില്ല. ആനുകൂല്യം അനുവദിച്ച നടപടി തീർത്തും ചട്ടവിരുദ്ധമാണെന്ന് കാണുന്നു.വിശദീകരണം നൽകേണ്ടതാണ്. |
| രസ്മ.സി-സുജീഷ്.കെ എന്ന ദമ്പതിമാർക്ക് 10.09.2012 ന് 50,000/- രൂപ നൽകിയതായി കാണുന്നു. രസ്മ.സി. യുടെ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. പ്രോജക്ട് റിപ്പോർട്ട് ഇല്ല. 47750/- രൂപയുടെ Receipt പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളു. വിശദീകരണം നൽകേണ്ടതാണ്. |
| ദിവ്യ. റ്റി.ആർ.- റനീഷ് എന്ന ദമ്പതിമാർക്ക് 25.09.2012 ന് 50,000/- രൂപ നൽകിയതായി കാണുന്നു. എന്നാൽ അപേക്ഷ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| സതീഷ്കുമാർ-ദിവ്യ.കെ. എന്ന ദമ്പതിമാർക്ക് 25.09.2012 ന് 50,000/- രൂപ നൽകിയതായി കാണുന്നു. ഗുണഭോക്താക്കൾ എഗ്രിമെന്റ് വെയ്ക്കാതെയാണ് ആനുകൂല്യം കൈപ്പറ്റിയതെന്ന് കാണുന്നു. കൂടാതെ ഒർജിനൽ വിവാഹ സർട്ടിഫിക്കറ്റ് തിരികെ നൽകിയിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്. |
| ഗിരീഷ്.കെ-രജൂല എന്ന ദമ്പതിമാർ 15.04.2013 ന് രജിസ്റ്ററിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ തുക രേഖപ്പെടുത്തി കാണുന്നില്ല. കൂടാതെ രജുലയുടെ വരുമാന സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്. |
| സോബിഷ്. സി.എം-ഷൈനി.ജെ എന്ന ദമ്പതിമാർ 04.04.2013 ന് ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുക എത്രയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്. |
| രമ്യ.കെ-ശ്രീലാൽ.റ്റി എന്ന ദമ്പതിമാരുടെ അപേക്ഷ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ രജിസ്റ്റർ പ്രകാരം 15.04.2013 ന് ഗുണഭോക്താക്കൾ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുക എത്രയാണെന്ന് രജിസ്റ്ററിൽ എഴുതി ചേർത്തതായി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്. |
| അഖിൽ.വി.പി-സിത്താര.എം എന്ന ദമ്പതിമാർ 12.04.2013 ന് അക്വിറ്റൻസിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുക എത്രയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. വിവാഹ സർട്ടിഫിക്കറ്റ് പ്രകാരം വിവാഹ തീയതി 30.01.2012 ആണ് 30.01.2013 ആകുമ്പം ഒരു വർഷം പൂർത്തിയാകത്തുള്ളു. എന്നാൽ അപേക്ഷകൻ 02.01.2013 ന് അപേക്ഷ നൽകിയതായി കാണുന്നു. ഒരു വർഷം പൂർത്തിയാകുന്നതിന് ഏകദേശം 28 ദിവസം മുൻപ് അപേക്ഷ സ്വീകരിച്ചതായി കാണുന്നു. ഇത് ചട്ട വിരുദ്ധമാണ്. വിശദീകരണം നൽകേണ്ടതാണ്. |
| ഷിബു.ഐ.പി-ജ്യോതിലക്ഷ്മി അക്വിറ്റൻസ് പ്രകാരം 19.07.2013 ന് 50,000/- രൂപ കൈപ്പറ്റിയതായി കാണുന്നു. രജിസ്റ്ററിൽ ഗുണഭോക്താക്കളുടെ പൂർണ്ണ വിവരങ്ങൾ എഴുതി ചേർത്തിട്ടില്ല. വരുമാന സർട്ടിഫിക്കറ്റിൽ ജ്യോതിലക്ഷ്മിയുടെ പേര് രണ്ടാമത് എഴുതി ചേർത്തതായി കാണുന്നു. ഗുണഭോക്താക്കളെക്കൊണ്ട് എഗ്രിമെന്റ് വെയ്ക്കാതെയാണ് ക്യാഷ് നൽകിയതെന്ന് കാണുന്നു. വിശദീകരണം നൽകേണ്ടതാണ്. |

| |
|---|
| പ്രദീപ്. വി.ബി-സോണിയ.കെ. രജിസ്റ്റർ പ്രകാരം 12.02.2014 ന് 50,000/- രൂപ നൽകിയതായി കാണുന്നു. റെഡിമെയ്ഡ് യൂണിറ്റ് തുടങ്ങുന്നതിന് ടി രൂപ അനുവദിച്ചതെന്ന് കാണുന്നു. എന്നാൽ ഇത് സംബന്ധിച്ച് 50,000/- രൂപയുടെ Receipt പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഒർജിനൽ വിവാഹ സർട്ടിഫിക്കറ്റ് തിരികെ നൽകിയിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്. |
| കണ്ടക്കുട്ടി.പി.ടി-മാളുക്കുട്ടി എന്ന ദമ്പതിമാർക്ക് 22.02.2014 ന് 50,000/- രൂപ നൽകിയതായി കാണുന്നു. എന്നാൽ നാളിതുവരെ വിവാഹ സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്. |
| 12.04.2013 ൽ അഖിൽ-സിതാര എന്ന മിശ്ര വിവാഹ ദമ്പതിമാർക്കും 15.04.2013 ൽ ഗിരിജ.കെ-രാജൻ എന്നീ ദമ്പതിമാർക്കും (രജിസ്റ്റർ പേജ് നമ്പർ 4,5) തുക രേഖപ്പെടുത്താതെ ഗുണഭോക്താക്കളുടെ വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തി |
| താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ വിവരങ്ങൾ അക്വിറ്റൻസിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുക എത്രയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. തുക വിതരണം ചെയ്യുമ്പോൾ കൃത്യമായ തുക എഴുതി ചേർക്കാത്തത് ഗുരുതരമായ വീഴ്ചയായി കാണുന്നു. വിശദീകരണം നൽകേണ്ടതാണ്.<br>ഉദാ: a. അക്വിറ്റൻസ് പേജ് നമ്പർ 4 അഖിൽ-സിതാര 12.04.2013<br>b. അക്വിറ്റൻസ് പേജ് നമ്പർ 5 ഗിരിഷ.കെ-രാജൻ 15.04.2013 |
| **ഭൂരഹിതർക്ക് ഭൂമി വാങ്ങൽ പദ്ധതി രജിസ്റ്റർ/അപേക്ഷകൾ**<br>പരിശോധനാ കാലയളവിൽ വകുപ്പ് വിതരണം നടത്തിയ നിശ്ചിത മാതൃകയിലുള്ള Printed Register ൽ അല്ല. പരിശോധനാ കാലയളവിലെ വിവരങ്ങൾ എഴുതി സൂക്ഷിച്ചിട്ടുള്ളത്. ന്യൂനത പരിഹരിക്കേണ്ടതാണ്. |
| ഷിജു.പി, പടിഞ്ഞാരത്ത് വീട്, കോടൻ നടക്കാവ് എന്ന ഗുണഭോക്താവ് ഭൂമി വാങ്ങിയ വകയിൽ ഭൂ ഉടമസ്ഥനായ സുധീർകുമാർ എന്നയാൾ 15.12.2012 തീയതിയിൽ 1,50,000/- രൂപ കൈപ്പറ്റിയതായി കാണുന്നു. (രജിസ്റ്റർ പേജ് നമ്പർ: 23)എന്നാൽ സുധീർകുമാറിന്റെ പൂർണ്ണമായ മേൽ വിലാസം രജിസ്റ്ററിൽ എഴുതി ചേർത്തിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്. |
| രജിസ്റ്റർ പ്രകാരം ശ്രീ.രതീഷ്, തെക്കേപ്പാട്-കടലുണ്ടി എന്ന ഗുണഭോക്താവിന് ഭൂമി നൽകിയ വകയിൽ ശ്രീ.സുബ്രഹ്മണ്യൻ, പാറപ്പുറമ്പിൽ, ബി.സി. നമ്പർ 72648 തീയതി 24.07.2012 പ്രകാരം 1,50,000/- രൂപ കൈപ്പറ്റിയതായി കാണുന്നു. എന്നാൽ ക്യാഷ്ബുക്കിൽ 28.06.2012 ൽ ടി തുക ചെലവിനത്തിൽ ചേർത്ത് കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്. |
| രജിസ്റ്റർ പേജ് നമ്പർ (3)ൽ രമേഷ് കുമാർ. എം.ടി. എന്ന ഗുണഭോക്താവിന്റെ ഫോട്ടോ പതിപ്പിച്ച് കാണുന്നില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്. |
| രജിസ്റ്റർ പേജ് നമ്പർ 12 ൽ രാജൻ, കാരളിപ്പറമ്പ് എന്ന ഗുണഭോക്താവ് ഭൂമി വാങ്ങിയ വകയിൽ ഷീബ, പാലോരമലയിൽ എന്ന ഭൂ ഉടമസ്ഥൻ 25.09.2012 തീയതിയിൽ 1,50,000/- രൂപ കൈപ്പറ്റിയതായി കാണുന്നു. എന്നാൽ കൈപ്പറ്റു രസീതിൽ റവന്യൂ സ്റ്റാമ്പ് ഒട്ടിച്ച് ഒപ്പ് വെച്ചിട്ടില്ല. |
| **ഭൂരഹിതം 2011-12 അപേക്ഷകൾ**<br>2011-12 ലെ അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന ന്യൂനതകൾ കാണുന്നു.<br>രാജേഷ് കുമാർ. എം.പി<br>വേങ്ങശ്ശേരിത്താഴത്ത് ഹൗസ്, ബേബി നിവാസ്, ഫറോക്ക് പഞ്ചായത്ത്<br>രവി.കെ<br>പുഴക്കാട് താഴത്ത്, പെരുമുഖം, ഫറോക്ക് പഞ്ചായത്ത്. |

| |
|---|
| ഷൈനി. എം<br>ഇരിയമ്പാടം ഹൗസ്, കരുവൻതിരുത്തി, ഫറോക്ക് പഞ്ചായത്ത്<br>സരോജിനി<br>കുറിഞ്ഞിപ്പൊറ്റ , ചുങ്കം, ഫറോക്ക്.പി.ഒ, ഫറോക്ക് പഞ്ചായത്ത്<br>ബാബുരാജൻ. എൻ<br>നേതാജി പാടം, കരുവൻ തിരുത്തി, ഫറോക്ക് പഞ്ചായത്ത്<br>ഗോപി.കെ<br>കരുവൻ ചിറയിൽ, ചാലിയം.പി.ഒ, കടലുണ്ടി പഞ്ചായത്ത്<br>പ്രശോബ്.കെ<br>വടക്കേ ചാലിൽ, ജി.എ കോളേത്ത്.പി.ഒ, മാത്തറ, ഒതുവണ്ണ പഞ്ചായത്ത്<br><br>മേൽപ്പറഞ്ഞ 7 അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന രേഖകൾ അപേക്ഷയോടൊപ്പം കാണുന്നില്ല.<br>എ. റേഷൻ കാർഡിന്റെ കോപ്പി<br>ബി. തിരിച്ചറിയൽ കാർഡിന്റെ കോപ്പി<br>സി. വസ്തു ഉടമയിൽ നിന്നുള്ള സമ്മതപത്രം<br>ഡി. ബാധ്യതാ രഹിത സർട്ടിഫിക്കറ്റ്<br>ഇ. മുൻ ആധാരത്തിന്റെ കോപ്പി<br>എഫ്. സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കിയ കത്തിന്റെ പകർപ്പ്<br>ജി. പ്ലാനും സ്കെച്ചും |
| മാധവി |
| തറയിൽ ഹൗസ്, കടലുണ്ടി, ചാലിയം.പി.ഒ, എന്നയാൾ അപേക്ഷ നൽകിയ സമയത്ത് അപേക്ഷകയ്ക്ക് 56 വയസ്സ് പ്രായമുള്ളതായി കാണുന്നു. അപേക്ഷയിൽ Date of Birth 15.12.1955 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കുടുംബ ഓഹരി സർട്ടിഫിക്കറ്റ്, സ്വന്തമായി ഭൂമി ഇല്ലെന്നുള്ള സർട്ടിഫിക്കറ്റുകൾ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ല. 55 വയസ്സിനു മുകളിൽ പ്രായമുള്ളതും മതിയായ രേഖകളില്ലാതെ ആനുകൂല്യം അനുവദിച്ചതും നിലവിലെ ചട്ടവിരുദ്ധമാണ്.വിശദീകരണം നൽകേണ്ടതാണ്. |
| ഷിജു.പി |
| പടിഞ്ഞാത്ത് ഹൗസ്,കൊടൻ നടക്കാവ് പന്നിരുക്കാവ് എന്നയാളുടെ അപേക്ഷ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| രതീഷ് |
| തെക്കേപ്പൊട്ട്, കടലുണ്ടി എന്നയാൾക്ക് 24.07.2012 ന് 1,50,000/- രൂപ നൽകിയതായി കാണുന്നു. എന്നാൽ അപേക്ഷയോടൊപ്പം 50/- രൂപയുടെ 4 മുദ്രപത്രങ്ങൾ വാങ്ങി രണ്ട് തീയതികളിലായി എഗ്രിമെന്റുകൾ വച്ചിരിക്കുന്നു. ബാദ്ധ്യതാ രഹിത സർട്ടിഫിക്കറ്റ്, വസ്തു ഉടമയുടെ സമ്മതപത്രം, റേഷൻ കാർഡിന്റെ പകർപ്പ്, തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ല. ഒരു ആനുകൂല്യത്തിന് രണ്ട് പ്രാവശ്യം എഗ്രിമെന്റ് വെച്ചതിനും മതിയായ രേഖകൾ ഇല്ലാതെ ആനുകൂല്യങ്ങൾ അനുവദിച്ചതിനും വിശദീകരണം മൽകേണ്ടതാണ്. |
| സ്വർണ്ണലത |
| കാവഞ്ചേരി പറമ്പ്, പാലാഴി എന്നയാൾക്ക് 25.09.2012 ന് 1,50,000/- രൂപ നൽകിയതായി കാണുന്നു. എന്നാൽ അപേക്ഷയോടൊപ്പം ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് എന്നിവ ഹാജരാക്കിയിട്ടില്ല. കൂടാതെ സ്വർണ്ണലതയുടെ പേരിൽ 25.08.2012 ൽ വാങ്ങിയ മുദ്രപത്രത്തിലാണ് വസ്തു ഉടമ ഷംല സമ്മതപത്രം നൽകിയിരിക്കുന്നത്. |
| വിനിലാരാജു |
| കാട്ടുവാംപുറത്ത്, കുടത്തുംപാറ എന്നയാൾക്ക് 10.09.2012 ന് 1,50,000/- രൂപ നൽകിയതായി കാണുന്നു. എന്നാൽ അപേക്ഷ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്. |

താഴെപ്പറയുന്ന അപേക്ഷകളിൽ എഗ്രിമെന്റ് വെച്ചിട്ടില്ല, രജിസ്റ്ററിൽ ഫോട്ടോ പതിപ്പിച്ചിട്ടില്ല, ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് വസ്തു ഉടമയിൽ നിന്നും സമ്മതപത്രം, റേഷൻകാർഡിന്റെ പകർപ്പും, തിരിച്ചറിയൽ കാർഡിന്റെ പകർപ്പും അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ല.

ഉദാ: എ. അരവിന്ദാക്ഷൻ.കെ
കമ്പിയിൽ, തലശ്ശേരി പറമ്പ്, ജി.എ.കോളേജ്,കോഴിക്കോട്
(16.08.2012 ന് 1,50,000/- രൂപ കൈപ്പറ്റിയിട്ടുണ്ട്.)

ബി. രമേഷ്കുമാർ. എം.ടി.
വേങ്ങശ്ശേരി താഴത്ത്, നല്ലൂർ, ഫറോക്ക്
(16.03.2012 ന് 1,50,000/- രൂപ കൈപ്പറ്റിയിട്ടുണ്ട്)

സി. ഷൈനി.പി
പാലക്കൽ, കരുവൻ തിരുത്തി, ഫറോക്ക്
(16.08.2012 ന് 1,50,000/- രൂപ കൈപ്പറ്റിയിട്ടുണ്ട്)

ഡി. സുബീഷ്
തിച്ചത്ത് താഴം, പെരുമുഖം, ഫറോക്ക്
(16.08.2012 ന് 1,50,000/- രൂപ കൈപ്പറ്റിയിട്ടുണ്ട്)

ഇ. ലത.കെ
കൊല്ലക്കേറ, കടലുണ്ടി
(10.09.2012 ന് 1,50,000/- രൂപ കൈപ്പറ്റിയിട്ടുണ്ട്.)

എഫ്. സുരേഷ്ബാബു.പി
കാട്ടുവാം പുറത്ത്, കൂടത്തുംപാറ
(10.09.2012 ന് 1,50,000/- രൂപ കൈപ്പറ്റിയിട്ടുണ്ട്.)

ജി. ഗിരീശൻ.എ
അതിപറമ്പത്ത്, കോട്ടോപ്പടി, മണ്ണൂർ, കടലുണ്ടി
(10.09.2012 ന് 1,50,000/- രൂപ കൈപ്പറ്റിയിട്ടുണ്ട്.)

എച്ച്. മുരളി.എം.റ്റി
മേണ്ടശ്ശേരി താഴത്ത്, നല്ലൂർ, ഫറോക്ക്
(10.09.2012 ന് 1,50,000/- രൂപ കൈപ്പറ്റിയിട്ടുണ്ട്.)

ഐ. ചന്ദ്രൻ.പി.
കുറ്റിയിൽ മേത്തിൽ, രാമനാട്ടുകര

ജെ. ശ്രീനാഥ്.പി.ടി
പിച്ചപ്പുറത്ത് പാലാഴി, ഡി.ഒ.ജി.എ കോളേജ്

കെ. അർച്ചന
മുതുവന ലക്ഷം വീട് കോളനി, ഒളവണ്ണ പഞ്ചായത്ത്

എൽ. അയ്യപ്പൻ
മുതുവനത്തറ ലക്ഷം വീട് കോളനി, ഒളവണ്ണ പഞ്ചായത്ത്,
പന്തീരക്കാവ്

01.04.2011 മുതൽ 31.03.2014 വരെ ഭൂമി വാങ്ങി നൽകിയവർക്ക് ധനസഹായം നൽകിയതിന്റെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ തുക |
|---|---|---|---|---|
| 1 | 2011-12 | 24 | 36,00,000/- | NIL |
| 2 | 2012-13 | 36 | 54,00,000/- | NIL |
| 3 | 2013-14 | 26 | 39,00,000/- | NIL |

**ഭവനനിർമ്മാണ ധനസഹായം**

2007-08 മുതൽ 31.03.2016 വരെ ഭവന നിർമ്മാണ ധനസഹായം നൽകിയതിന്റെ സ്പിൽ ഓവർ പുരോഗതി റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

| ക്രമനം | വർഷം | ടാർജറ്റ് | ആകെ ഗുണ ഭോക്താക്കൾ | വീട് പണി പൂർത്തിയാക്കാത്തതിന്റെ സ്റ്റേജ് വിവരം | | | ആകെ വീട് പണി പൂർത്തിയാക്കിയവർ | ഇനിയും പണി പൂർത്തിയാക്കാൻ അവശേഷിക്കുന്നവർ |
|---|---|---|---|---|---|---|---|---|
| | | | | 1-ാം ഗഡു | 2-ാം ഗഡു | 1-ാം ഗഡു | | |
| 1 | 2007-08 | 35 | 35 | 1 | 1 | 1 | 32 | 3 |
| 2 | 2008-09 | 26 | 26 | NIL | 2 | 1 | 23 | 3 |
| 3 | 2009-10 | 30 | 30 | NIL | 2 | 1 | 27 | 3 |
| 4 | 2010-11 | 12 | 12 | 1 | NIL | NIL | 11 | 1 |
| 5 | 2011-12 | 20 | 20 | 2 | 1 | 2 | 15 | 5 |
| 6 | 2012-13 | 18 | 18 | NIL | NIL | 1 | 17 | 1 |
| 7 | 2013-14 | 18 | 18 | 2 | 2 | NIL | 14 | 4 |
| 8 | 2014-15 | 18 | 18 | 1 | 1 | 3 | 13 | 5 |
| 9 | 2015-16 | 17 | 17 | 1 | 2 | 4 | 10 | 7 |

രജിസ്റ്റർ പേജ് നമ്പർ വെച്ച് പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തികാണുന്നില്ല.ഗുണഭോക്താക്കൾക്ക് ശുപാർശ ചെയ്ത സ്റ്റേജ് പ്രകാരമുള്ള തുക കൃത്യമായി എഴുതി പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല

**ഭവന പുനരുദ്ധാരണം**

2013-14 സാമ്പത്തിക വർഷം 39 ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. 39 പേരും പണി പൂർത്തിയാക്കിയതായി കാണുന്നു. മറ്റ് പരാമർശം ഇല്ല.

**ടോയ്‌ലറ്റ് ധനസഹായം**

2012-13 സാമ്പത്തിക വർഷം 100 പേർക്ക് ആനുകൂല്യം അനുവദിക്കുകയും 100 പേരും പണി പൂർത്തിയാക്കിയതായി കാണുന്നു. ഇവർക്കായി 12,50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

2013-14 സാമ്പത്തിക വർഷവും 100 പേർക്ക് ആനുകൂല്യം അനുവദിച്ചെങ്കിലും 99 പേർ മാത്രമാണ് പണി പൂർത്തിയാക്കിയിട്ടുള്ളത്. ഒരാൾ പണി പൂർത്തിയാക്കാനുണ്ട്. എന്നാൽ 12,50,000/- രൂപ ചെലവഴിച്ചതായി കാണുന്നു.

2013-14 വർഷത്തെ അക്വിറ്റൻസ് പരിശോധിച്ചതിൽ തുക മാറിയിട്ടുള്ള തുക, ബിൽ നമ്പർ, തുക മാറിയ തീയതി, ബില്ലിന്റെ Gross & Net തുക എന്നിവ രജിസ്റ്ററിൽ എഴുതി ചേർത്തതായി കാണുന്നില്ല. കൂടാതെ തുക വിതരണം ചെയ്തതിന്റെ Abstract എഴുതി ചേർത്തിട്ടില്ല

**വിജ്ഞാൻവാടി**

ബ്ലോക്കിന്റെ കീഴിൽ ഒരു പഞ്ചായത്തിൽ പോലും ഒരു വിജ്ഞാൻ വാടി പോലും രൂപീകരിച്ചിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

**ചികിത്സാ ധനസഹായ വിതരണ രജിസ്റ്റർ**

രജിസ്റ്റർ പേജ് നമ്പർ (6) ൽ രാജൻ.സി എന്നയാൾക്ക് 20,000/- രൂപ എഴുതി വെച്ച് കാണുന്നു. ടി തുക ടി യാൻ കൈപ്പറ്റിയതായി രേഖയില്ല. തുക തിരിച്ചടച്ചതായും രേഖപ്പെടുത്തി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

ശാരദ.സി. എന്നയാൾക്ക് 20,000/- രൂപ ചികിത്സാ സഹായമായി അനുവദിച്ച തുക ടി യാൾ 18.03.2013 ൽ കൈപ്പറ്റിയതായി രജിസ്റ്റർ പ്രകാരം കാണുന്നു. എന്നാൽ ടി തുക cash book ൽ 18.03.2013 തീയതിയിൽ ചെലവ് ചേർത്ത് കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

2011-12 സാമ്പത്തിക വർഷം 14 ഗുണഭോക്താക്കൾക്കായി 1,00,500/- രൂപ ചെലവഴിച്ചതായി കാണുന്നു.

2012-13 സാമ്പത്തിക വർഷം 2 ഗുണഭോകതാക്കൾക്കായി 25,000/- രൂപ ചെലവഴിച്ചതായി കാണുന്നു.

2013-14 സാമ്പത്തിക വർഷം ഒരാൾക്കായി 25,000/- രൂപ ചെലവഴിച്ചതായി കാണുന്നു.

**ഐക്യദാർഢ്യ പക്ഷാചരണം**

2011-12 വർഷത്തെ ഐക്യദാർഢ്യ പക്ഷാചരണത്തിന്റെ ഫയൽ പരിശോധിച്ചതിൽ ചുവടെ പറയുന്ന ന്യൂനതകൾ കാണുന്നു.

വൗച്ചർ നം:12/11 മെഡിക്കൽ ക്യാമ്പ് ഫോട്ടോ ചാർജ്ജ്
വൗച്ചർ നം:14/11 ബാനർ നിർമ്മാണ ചാർജ്ജ്
വൗച്ചർ നം:16/11 മെഡിക്കൽ ക്യാമ്പ് ഫോട്ടോ ചാർജ്ജ്

എന്നീ വൗച്ചറുകളുടെ ഒർജ്ജിനൽ വൗച്ചറ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് കണ്ടെത്തി വൗച്ചർ കോപ്പികൾ സഹിതം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**സ്വയം തൊഴിൽ പദ്ധതി**

2011-12 സാമ്പത്തിക വർഷം മുതൽ 2014-15 സാമ്പത്തിക വർഷം വരെ സ്വയം തൊഴിൽ പദ്ധതിയ്ക്കായി സബ്സിഡി നൽകിയ ഇനത്തിൽ ചെലവഴിച്ചതിന്റെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വർഷം | ആകെ ഗുണ ഭോക്താക്കൾ | അനുവദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ തുക |
|---|---|---|---|---|---|
| 1 | 2011-12 | 4 | 218444 | 218444 | NIL |
| 2 | 2012-13 | 1 | 69977 | 69977 | NIL |
| 3 | 2013-14 | 2 | 166666 | 166666 | NIL |
| 4 | 2014-15 | 1 | 58333 | 58333 | NIL |

രജിസ്റ്ററുകൾ

**പേബിൽ രജിസ്റ്റർ**

ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള പൂർണ്ണ വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ട രജിസ്റ്ററിൽ വാർഷിക ഇൻക്രിമെന്റ് ഉത്തരവുകൾ, Arear D.A മാറിയതിന്റെ ബില്ലിന്റെ Outer, AG യിൽ നിന്നും വരുന്ന കത്ത് എന്നിവകൾ പേബിൽ രജിസ്റ്ററിൽ ഒട്ടിച്ച് സൂക്ഷിക്കുന്നതായി കാണുന്നു. ഇത് ശരിയായ നടപടി അല്ല. ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയതിനുശേഷം ഇത് ബന്ധപ്പെട്ട ഫയലിലോ സ്റ്റോക്ക് ഫയലിലോ സൂക്ഷിക്കേണ്ടതാണ്.

Abstract എഴുതിയത് പലതും Page കീറിപ്പോയതായി കാണുന്നു.

**In CUMBENCY Register (Staff)**

a. പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.
b. ജീവനക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തുമ്പോൾ മേൽ വിലാസം കൂടി എഴുതി ചേർക്കേണ്ടതാണ്.

**In CUMBENCY Register Promoters**

a. പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.
b. പ്രൊമോട്ടർമാരുടെ വിവരങ്ങൾ രേഖപ്പെടുത്തുമ്പോൾ മേൽ വിലാസം, ഫോൺ നമ്പർ, എന്നിവ കൂടി എഴുതി ചേർക്കേണ്ടതാണ്.

**T.R.5 സ്റ്റോക്ക് രജിസ്റ്റർ**

a. ബുക്കുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ജില്ലാ പട്ടികജാതി വികസന ആഫീസർ തീയതി വെച്ച് ഇനീഷ്യൽ ചെയ്തിട്ടില്ല
b. III –ാം ബുക്കിന്റെ അൺ യൂസ്ഡ് Receipt വിവരം രേഖപ്പെടുത്തിയിട്ടില്ല
c. G.O (P) നമ്പർ 213/2013 Fin dated 30.05.2013 പ്രകാരമുള്ള രസീത് വാങ്ങി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കേണ്ടതാണ്.

**T.R.5 രസീത് ബുക്ക്**

a. ഒന്നും രണ്ടും രസീത് ബുക്ക് പൂർണ്ണമായും ഉപയോഗിച്ചതായി കാണുന്നു.
b. മൂന്നാമത്തെ രസീത് ബുക്ക് 21.04.2009 മുതൽ 03.05.2010 വരെ ആകെ 42 Receipt വരെ ഉപയോഗിച്ചിട്ടുണ്ട്. Receipt 43 മുതൽ 100 വരെ ഉപയോഗിച്ചിട്ടില്ല. ഉപയോഗിക്കാത്ത പേജുകൾ ക്യാൻസൽ ചെയ്ത് ജില്ലാ പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കേണ്ടതാണ്.

**സി.ആർ.ഡി.ആർ**

രജിസ്റ്റർ പരിശോധിച്ചതിൽ പരിശോധനാ കാലയളവിൽ സി.ആർ.ഡി.ആർ മുഖേന വിതരണം ചെയ്ത തുക കൈപ്പറ്റുന്നവർ കൈയ്യൊപ്പ് മാത്രം വെച്ചിട്ടുള്ളതായി കാണുന്നു. തസ്തിക സീലോ, പേര് മേൽ വിലാസമോ ചേർത്ത് കാണുന്നില്ല. ആർക്കാണ് തുക വിതരണം ചെയ്തിട്ടുള്ളതെന്ന് രജിസ്റ്റർ പരിശോധിച്ച് കണ്ടുപിടിക്കാൻ സാധിക്കാത്ത സാഹചര്യമാണ് കാണുന്നത്.

ഉദാ: 12.10.2011, 09.11.2011, 06.12.2011, 02.01.2012,03.02.2012, 19.04.2012 എന്നീ തീയതികളിലെ പണം വിതരണം
ഈ പണമിടപാടുകൾ വളരെ അശ്രദ്ധയോടെ ചെയ്തിട്ടുള്ളതായി കാണുന്നു. വിശദീകരണം നൽകേണ്ടതാണ്.

**ഡെസ്പാച്ച്ഡ് കം സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ**

പരിശോധനാ കാലയളവിൽ 398/- രൂപയുടെ സർവ്വീസ് പോസ്റ്റേജ് സ്റ്റാമ്പ് നീക്കിയിരിപ്പുണ്ട്. മാസാന്ത്യ നീക്കിയിരിപ്പ് പരിശോധിച്ച് പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ദൈ്വവാരിക സ്റ്റാമ്പ് നീക്കിയിരിപ്പു കൂടി പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

**പരിശോധനയ്ക്ക് ലഭിക്കാത്ത പണം പറ്റുരസീതുകൾ**

| ക്രമ നം. | ബിൽ നമ്പർ | തുക | വിതരണം നടത്തിയ തീയതി |
|---|---|---|---|
| 1 | CB/56/11-12 | 66,666/- | 22.05.2012 |
| 2 | TEB/1/13-14 | 1,000/- | 31.03.2014 |
| 3 | CB/67/13-14 | 1,000/- | 31.03.2014 |

**എസ്.സി. പ്രൊമോട്ടർ**

2017-18 ലെ എസ്.സി പ്രൊമോട്ടർ നിയമനം സംബന്ധിച്ച്- രാമനാട്ടുകര മുനിസിപ്പാലിറ്റി പ്രൊമോട്ടർ. ശ്രീമതി. വിജയലക്ഷ്മി എഗ്രിമെന്റ് വെച്ചതായി കാണുന്നില്ല.

**പൊതു അഭിപ്രായം**

ആഡിറ്റ് കാലയളവിലെ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം അക്കൗണ്ടന്റ് ജനറലിന് അയച്ച് കൊടുത്ത് വിവരം അറിയിക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തേയും ഫയലുകൾ, രജിസ്റ്ററുകൾ, ബിൽ പകർപ്പുകൾ എന്നിവ വർഷം തിരിച്ച് ക്രമമായി അടുക്കി സൂക്ഷിക്കേണ്ടതാണ്.

ആഫീസ് പ്രവർത്തനവും, ഹോസ്റ്റലിന്റെ പ്രവർത്തനവും പൊതുവേ തൃപ്തികരമാണ്. ആഡിറ്റ് പരാമർശങ്ങൾക്ക് കൃത്യമായി മറുപടി നൽകുന്നതിന് പ്രത്യേകമായി ശ്രദ്ധിക്കേണ്ടതാണ്.

(ഒപ്പ്)

ഡയറക്ടർക്കുവേണ്ടി
സീനിയർ ഫിനാൻസ് ഓഫീസർ

എസ്.ജി. 26.07.2018